പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (കേരള സിവിൽ പോലീസ്) (161/2015, 162/2015, 163/2015 എന്നീ കാറ്റഗറി നമ്പറുകൾ) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ (165/2015, 166/2015, എന്നീ കാറ്റഗറി നമ്പറുകൾ) ജയിൽ വകുപ്പിൽ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I (കാറ്റഗറി നമ്പർ 168/2015, 169/2015) എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 171/2015) ഫയർ ആൻറ് റെസ്ക്യൂ സർവ്വീസസിൽ ഫയർ മാൻ ട്രെയിനീ (കാറ്റഗറി നമ്പർ 173/2015) എന്നീ യൂണിഫോംഡ് തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന പൊതുകായികക്ഷമതാ പരീക്ഷ 2016 ഫെബ്രുവരി 29-ാം തീയതി മുതൽ മാർച്ച് 9-ാം തീയതി വരെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലെ വിവിധ ഗ്രൗണ്ടുകളിലായി നടത്തുന്നു.

കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനു യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralapsc.gov.in), ഓരോ ഉദ്യോഗാർത്ഥികളുടെയും പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് Profile Message, Mobile Message എന്നിവ അയച്ചിട്ടുണ്ട്.